# ‘വിമോചന’ത്തിന്റെ ഐകമത്യപ്പൊന്നാട!

(കേരളവർമ്മ)

1959 ജൂലൈമാസം 31—അന്ന് രാഷ്ട്രപതി കേരളത്തിലെ ഭരണം ഏറ്റെടുത്തു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നിഷ്കാസിതമായി. വെടിപ്പൊട്ടി കഴിഞ്ഞിട്ടും, പിന്നിട്ട് തെരുവുകളിൽ പഴമുറവും പഴംചെരുപ്പും തലയോട്ടുകളും കെട്ടിത്തൂക്കിയും ‘വിമോചന’സേനാനികൾ വിജയം ആഘോഷിച്ചു.

‘വിമോചന’സമരത്തിന്റെ ഫലമായി കേരളം എന്തു നേടി? ‘വിമോചന’നിരയിലെ മുന്നണിപ്പോരാളിയായ ‘മലയാളമനോരമ’ ഒരു മുഖപ്രസംഗത്തിൽ ഇങ്ങിനെ സംതൃപ്തി പ്രകടിപ്പിച്ചു: “കഴിഞ്ഞ രണ്ടു-മൂന്നു മാസങ്ങളിൽ കേരളത്തിൽ നടന്ന അഭൂതപൂർവ്വമായ ബഹുജനപ്രക്ഷോഭത്തിന്റെ ഏറ്റവും പ്രധാനമായ നേട്ടം, ഞങ്ങൾ പലവുരു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, കേരളത്തിലെ കമ്മ്യൂണിസ്റ്റിതരരായ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സമുദായങ്ങളുടെയും ഭൂരിപക്ഷം ജനങ്ങളുടെയും ഇടയിലുണ്ടായിട്ടുള്ള സുദൃഢമായ ഐക്യവും പരസ്പര ധാരണയുമാണ്. ഇത്രകണ്ടു ആഴമായി വേരൂന്നിയിട്ടുള്ളതും തീവ്രമായതുമായ ഒരു ജനൈക്യം ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലും ഉണ്ടായിട്ടില്ലെന്നുള്ളത് കേരളത്തിലെ ജനാധിപത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അഭിമാനാവഹമായ ഒരു യാഥാർത്ഥ്യമാണ്”.
(സെപ്റ്റ: 12)

ആസന്നമായ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാരെ നിലംപരിശാക്കുന്ന ഒന്നായിരിക്കും “കമ്മ്യൂണിസ്റ്റിതരസമുദായങ്ങളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും” സുദൃഢമായ ഈ ഐക്യമെന്ന് ‘വിമോചന’പ്പട അവകാശപ്പെട്ടു. ശ്രീ. മന്നത്ത് പത്മനാഭൻ പ്രസ്താവിച്ചു: “ഒരു പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയെന്ന പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. അതെത്രതന്നെ ക്ലേശകരമായാലും ഒരുമയുടെ മുമ്പിൽ അതൊരു പ്രശ്നമല്ലാതായിത്തീരും”. (“മലയാളമനോരമ”, സെപ്റ്റ.13.)

പ്രശ്നങ്ങളെ പ്രശ്നങ്ങളല്ലാതാക്കി മാറ്റുന്ന ഈ ഒരുമക്ക് മൂർത്തമായ രൂപം നല്കാൻവേണ്ടി കോൺഗ്രസ്സ് ഹൈക്കമാണ്ട് നിയോഗിച്ച ശ്രീ. ലാൽബഹദൂർ ശാസ്ത്രിയും, കേരളത്തിൽ കണ്ടതു്, കമ്മ്യൂണിസ്റ്റ് വിരുദ്ധക്കൂട്ടുകെട്ടിനു വേണ്ടിയുള്ള ഉൽക്കടമായ ആവേശമത്രെ! “ഐക്യമുന്നണിയെന്നതു് ഒരു സാധാരണ മുദ്രാവാക്യമായിരിക്കുന്നു. എന്നെ സന്ദർശിച്ചവർ—അവർ കർഷകരോ, തൊഴിലാളികളോ, നിയമജ്ഞന്മാരോ, ഡോക്ടർമാരോ ആരായിരുന്നാലും—വാസ്തവത്തിൽ അവരുടെ സംഭാഷണമാരംഭിച്ചതു് ഈ മുദ്രാവാക്യത്തോടുകൂടിയാണ്. കേരളത്തിലെ ജനങ്ങൾ തികഞ്ഞ ഉണർവ്വും പരിതസ്ഥിതിയുടെ ആവശ്യങ്ങളെപ്പറ്റി പൂർണ്ണമായ ബോധവുമുള്ളവരാണ്”. എന്നു് ശ്രീ. ശാസ്ത്രി പ്രസ്താവിച്ചതായി മലയാളമനോരമ റിപ്പോർട്ടു ചെയ്തു (സെപ്റ്റ: 11) “പി. എസ്. പി. നേതാക്കളുമായി ഞാൻ ചർച്ച നടത്തി. മുസ്ലിംലീഗ് പ്രതിനിധികളുമായും കണ്ടു സംഭാഷണം നടത്തി. ആർ. എസ്. പി., കെ. എസ്. പി. നേതാക്കളുമായും കൂടിയാലോചനകളുണ്ടായി. അടുത്ത തിരഞ്ഞെടുപ്പിൽ വിവിധ കക്ഷികൾ ഒരു പൊതുധാരണയിലെത്തണമെന്നുള്ള ജനങ്ങളുടെ അഭിലാഷത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സഖ്യമുണ്ടാക്കുന്നതിനെ കേന്ദ്രീകരിച്ചായിരുന്നു ഈ സംഭാഷണങ്ങൾ അത്രയും. വിവിധ കക്ഷികൾ തമ്മിൽ ഇങ്ങിനെ ഒരു യോജിപ്പ് വേണമെന്ന് ഓരോ കക്ഷിയും ആത്മാർത്ഥമായി ആഗ്രഹിക്കുന്നതായി എനിക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്” എന്നു ശ്രീ. ശാസ്ത്രി പ്രസ്താവിച്ചതായി ‘മാതൃഭൂമി’യും (സെപ്റ്റ. 11) റിപ്പോർട്ടു ചെയ്തു.

## നാം വിശ്വസിച്ചുകൊള്ളണം

ശ്രീ. ശാസ്ത്രി പറയുന്നതു വിശ്വസിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. കാരണം, ‘മനോരമ’യുടെ എറണാകുളം ലേഖകൻ പറയുന്നതു്, “സ്വതസ്സിദ്ധമായ നിഷ്കളങ്കത വിളയാടുന്ന മുഖത്തോടുകൂടിയ ശ്രീ. ശാസ്ത്രിക്ക് വളരെ ആഴത്തിലേക്ക് ചുഴിഞ്ഞുകാണുവാൻ കഴിയു”മെന്നാണ്.
(സെപ്റ്റ: 8.)

“ഐക്യമുന്നണി സാധാരണ മുദ്രാവാക്യമായിരിക്കെ, ജനാധിപത്യത്തെ മാനിക്കാൻ കൃതപ്രതിജ്ഞരായ കമ്മ്യൂണിസ്റ്റിതര ജനാധിപത്യപാർട്ടികൾക്ക് ഐക്യമുന്നണി ഉണ്ടാക്കുകയല്ലാതെ മറ്റെന്തുണ്ട് ഗതി? അങ്ങിനെ ശ്രീ. ശാസ്ത്രിയും ശ്രീ. പട്ടംതാണുപിള്ളയും ശ്രീ. സീതിസാഹിബും കരാറിൽ ഒപ്പുവെച്ചു; കമ്മ്യൂണിസത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശവപേടകത്തിന്മേൽ സീൽവെച്ചു!

‘കമ്മ്യൂണിസ്റ്റിതര സമുദായങ്ങളും രാഷ്ട്രീയപാർട്ടികളും’ നെടുവീർപ്പിട്ടു: പത്രങ്ങൾ മുഖപ്രസംഗങ്ങൾ രചിച്ചു. “മലയാളമനോരമ” ഇങ്ങിനെ എഴുതി: “വിവിധ പാർട്ടികൾ പ്രത്യേകം പ്രത്യേകമായും ഒന്നിച്ചുചേർന്നും നടത്തിയ ചർച്ചകളെയും അവയുടെ പരിണിതഫലത്തെയും കേരളത്തിലെ ജനാധിപത്യവിശ്വാസികളോടൊപ്പം ഞങ്ങളും സ്വാഗതം ചെയ്യുന്നു.” (സെപ്റ്റ: 12)

ഈ മഹാസംഭവത്തിന്റെ കാർമ്മികത്വം വഹിച്ച ശ്രീ. ശാസ്ത്രി, കേരളത്തിലെ രാഷ്ട്രീയപാർട്ടികളെ അഭിനന്ദിച്ചു—കെ. പി. സി. സി. പ്രസിഡണ്ട് ആർ. ശങ്കറിനെ പേരെടുത്തു പറഞ്ഞു അഭിനന്ദിച്ചു. ശ്രീ. ശാസ്ത്രി ഡൽഹിയിൽ തിരിച്ചെത്തിയപ്പോൾ, “ഒരു യോജിപ്പുണ്ടാക്കാൻ സമർത്ഥമായി പ്രവർത്തിച്ച ശ്രീ. ശാസ്ത്രിയെ ശ്രീ. [illegible] അഭിനന്ദിച്ചു.” (മാതൃഭൂമി സെപ്റ്റ: 14) ശ്രീ. മന്നം ലോകനേതാവാകാൻവേണ്ടി സ്വിറ്റ്സർലണ്ടിലേക്ക് യാത്രതിരിച്ചു. ശ്രീ. പി. ടി. ചാക്കോ പശ്ചിമജർമ്മനിയിലേക്കും പോയി.

മഹത്തായ ഈ സംഭവം മലയാളസാഹിത്യത്തിലും പ്രതിബിംബിച്ചു. ‘മാതൃഭൂമി’യുടെ തിരുവനന്തപുരം ലേഖകനായ പരമേശ്വരൻ ചൊവ്വര ഒരു നാട്യകവിത തന്നെ എഴുതിക്കളഞ്ഞു—തിരുവനന്തപുരം വിമാനത്താവളത്തിൽവെച്ച് ശങ്കരനാരായണന്മാർ കൂട്ടായെഴുതിവായിച്ച ചരിത്രപ്രസിദ്ധമായ നാട്യകവിതയെക്കാൾ രൂപഭദ്രതയാർന്ന ഒന്നായിരുന്നു അത്”. ശ്രീ. പരമേശ്വരൻ ചൊവ്വര പാടി: “തികഞ്ഞ സന്തുഷ്ടിയോടും ഉറച്ച ആത്മവിശ്വാസത്തോടും കൂടി വിമോചിതകേ

ളും ആദ്യത്തെ തിരുവോണമാഘോഷിക്കുവാൻ പോകുകയാണ്".

"ഇത്തവണ തിരുവോണമഹോത്സവം ഇത്രയും ആഹ്ലാദകരമാക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. വിമോചനസമരത്തിന്റെ വിജയാന്തരമായ വിജയം, ആ വിജയം ശാശ്വതമായി ഉറപ്പിക്കുവാൻ ജനനേതാക്കന്മാർ ഒന്നിച്ചെടുത്ത തീരുമാനം, ആസന്നമായ തിരഞ്ഞെടുപ്പിൽ ജനാധിപത്യകക്ഷികൾ ഒന്നായിനിന്നു പൊരുതും, ഒന്നിച്ചു ജയിക്കും, ഒത്തുചേർന്നു ഭരിക്കും.... എന്ന് ദൃഢതരമായി പ്രഖ്യാപിക്കുവാൻ ഓണം വരാനുള്ള മുഹൂർത്തം തന്നെ അവസരമുണ്ടാക്കിത്തന്നതിനുള്ള കൃതജ്ഞത ശ്രീ. ലാൽബഹദൂർ ശാസ്ത്രിയോടും ശ്രീ. അശോകമേത്തയോടുമാണ് പറയേണ്ടത്. ഇടറിനില്ക്കുന്ന ഐക്യമത്യപ്പൊന്നാടയാണ് കേരളത്തിന് ഓണപ്പുടവയായി അവർ സമ്മാനിച്ചത്. ആ ഓണപ്പുടവ ചാർത്തിക്കൊണ്ടാണ് കേരളം ഈ ഓണപ്പുലരിയിൽ സന്തുഷ്ടിപൂകുന്നത്".

"ഓരോ നിയോജകമണ്ഡലത്തിലെയും പരിതസ്ഥിതി അവർ പ്രത്യേകം പരിശോധിച്ചു. ഒരു നിയോജകമണ്ഡലത്തിലെ ഏറ്റവുമധികം വിജയസാധ്യത ഏതു കക്ഷിക്കാണെന്ന് എല്ലാ കക്ഷികൾക്കും ബോധ്യമായ കക്ഷിക്ക് ആ നിയോജകമണ്ഡലം നീക്കിവെക്കുക, അവിടെ എല്ലാ കക്ഷികളും ഒന്നായിനിന്ന് വിജയത്തിനു വേണ്ടി ശ്രമിക്കുക എന്നതായിരുന്നു അവർ സ്വീകരിച്ചമാർഗ്ഗം. അങ്ങിനെ പരിശോധിച്ചതിന്റെ ഫലമായിട്ടാണ് ഏതാനും നിയോജകമണ്ഡലങ്ങൾ പി. എസ്. പി. ക്കും ഏതാനും നിയോജകമണ്ഡലങ്ങൾ മുസ്ലിം ലീഗിനും നീക്കിവെക്കുവാനിടയായത്. നീക്കിവെക്കുക ഒന്നായാണ്, വിട്ടുകൊടുക്കുകയോ പറഞ്ഞുവാങ്ങുകയോ ഒന്നല്ല ഉണ്ടായത്. വിട്ടുകൊടുക്കുവാനും പറഞ്ഞുവാങ്ങുവാനുമുള്ള ജെബ്ബുജാലിയോടു കൂടിയല്ല ചർച്ചകൾ തുടങ്ങിയതും തുടർന്നതും സമാപിച്ചതും". (മാതൃഭൂമി, സെ 19)

കവിതയായതുകൊണ്ടായിരിക്കാം, ഇതിലെ ഓരോ വരിയും ശ്രുതശോഭ്യായിത്തീർന്നത്. കൂടിയാലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ 'മാതൃഭൂമി' ഉൾപ്പെടെയുള്ള പല മലയാള ദിനപത്രങ്ങളിലും വന്ന റിപ്പോർട്ടുകളും പിന്നീടുണ്ടായ സംഭവവികാസങ്ങളും ഒരു കാര്യം വ്യക്തമാക്കുന്നു. ഈ ഐക്യമത്യപ്പൊന്നാട ഇരട്ടറതല്ല. അതിരൂക്ഷമായ വിലപേശലുകളും [illegible] സമില്ലാത്ത, അന്യോന്യം കാലുവാരാൻ ശ്രമിക്കുന്ന പാർട്ടികൾ ഏച്ചുകൂട്ടിയ ഒത്തുതീർപ്പായിരുന്നു അത്.

കേരളത്തിൽനിന്നും വേഗത്തിൽ മടങ്ങാമെന്ന കരുതി ഡെൽഹിയിൽനിന്നും വന്ന ശ്രീ. ശാസ്ത്രിക്ക്, ഒത്തുതീർപ്പുണ്ടാക്കാൻ കഴിയാതെ പോയതിനാൽ, തന്റെ മടക്കയാത്ര രണ്ടു തവണ നീട്ടിവയ്ക്കേണ്ടിവന്നു. ശ്രീ. അശോകമേത്ത, ചിരിച്ചുകൊണ്ട് പറഞ്ഞതാണ് സത്യം: "കേരളത്തെയും അവിടത്തെ ജനങ്ങളെയും (കമ്യൂണിസ്റ്റിതര രാഷ്ട്രീയപ്പാർട്ടികൾ എന്നു വായിക്കുക) എനിക്ക് നന്നായറിയാം. ലാൽബഹദൂർ ശാസ്ത്രിക്ക് ഇനിയുമത് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് അദ്ദേഹമിന്നുതന്നെ മടങ്ങാമെന്ന് വിചാരിച്ചു വന്നത്". ("മാതൃഭൂമി", സപ്റ്റംബർ, 11.)

വളരെയധികം കൊട്ടിഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനാധിപത്യപ്രേമമല്ലായിരുന്നു, മറിച്ച് തൻകാര്യം നോക്കാനുള്ള ഓരോ വ്യത്യസ്തപാർട്ടിയുടെയും, പാർട്ടികളിലെ ഗ്രൂപ്പുകളുടെയും വ്യഗ്രതയായിരുന്നു എപ്പോഴും കൂടിയാലോചനകളെ നിയന്ത്രിച്ചിരുന്നത്.

## അന്യോന്യം ഭയപ്പെടുന്നവർ

"ഒരു നിയോജകമണ്ഡലത്തിലെ ഏറ്റവുമധികം വിജയസാധ്യത ഏതു കക്ഷിക്കാണെന്ന്"തായിരുന്നുവത്രെ പരിഗണന! പക്ഷെ, ശ്രീ ജോർജിന്റെ 26 ദിനപത്രങ്ങളിൽ ഒന്നായ "മലയാളമനോരമ" റിപ്പോർട്ടു ചെയ്തു മറ്റൊന്നാണ്: "സീറ്റുവിഭജനത്തിൽ ലീഗിനും പി. എസ്. പി. ക്കും കൂടി കോൺഗ്രസ്സിനൊപ്പം സീറ്റുകൾ വേണമെന്ന വാദഗതി പി. എസ്. പി. ഉന്നയിച്ചു. പി. എസ്. പി. യും ലീഗും ചേർന്നോ, കോൺഗ്രസ്സ് തനിച്ചോ, മറ്റുപാർട്ടി ഭൂരിപക്ഷമാകുന്നതിനേയും മാറ്റിഭരിക്കാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് ആ വിധത്തിൽ ഒരു നിർദ്ദേശം പി. എസ്. പി. ഉന്നയിച്ചത്" "മനോരമ" റിപ്പോർട്ടു തുടരുന്നു: "ഒരു പ്രത്യേകകക്ഷിക്ക് വ്യക്തമായ ഭൂരിപക്ഷമുണ്ടാകുന്നത് എന്തെങ്കിലും കാരണവശാൽ ഐക്യത്തിന് ഭംഗം വരാൻ കാരണമാകുമെന്ന് പി. എസ്സ്. പി. ലീഗു വിഭാഗക്കാർ ആശങ്ക പ്രകടിപ്പിച്ചതിനെ പ[illegible]ങ്ങളിലെ വരാതെ [illegible] ഭരിക്കാവുന്ന സാഹചര്യമുണ്ടായാൽ ഖ്യാധാരണയിൽ സംയുക്തകൂടിയാലോചനയിൽ തീരുമാനമെടുക്കുകയാണ് ചെയ്തത്" (മനോരമ, സപ്റ്റ: 10)

ഒറ്റക്ക ഭൂരിപക്ഷം കിട്ടിയകക്ഷി മാറ്റങ്ങു കേറി ഭരിച്ചാൽ! "ജനാധിപത്യകക്ഷികൾ ഒന്നായി നിന്നു പൊരുതും, ഒന്നിച്ചു ജയിക്കും, ഒത്തുചേർന്നു ഭരിക്കും എന്ന ദൃഢതരമായ പ്രഖ്യാപന"ത്തിന്റെ ഒന്നാന്തരം സാമ്പിൾ, അല്ലേ?

''വിട്ടുകൊടുക്കാനും പറഞ്ഞുവാങ്ങാനും ഉള്ള ജെബ്ബുജാലിയോടെയല്ല ചർച്ചകൾ തുടങ്ങിയതും തുടർന്നതും സമാപിച്ചതു"മത്രെ! വിജയസാധ്യത നോക്കിയാണത് നീക്കിവെക്കപ്പെടുകയാണുണ്ടായത്! പക്ഷെ, 'മനോരമ' റിപ്പോർട്ടുചെയ്തത് മറ്റൊന്നാണ്: 'പി. എസ്. പി ആവശ്യപ്പെട്ടത് 40 സീറ്റുകളായിരുന്നു. 35 സീറ്റുകൾ പി. എസ്. പി. ക്ക് കൊടുക്കാമെന്ന് സമ്മതിച്ചതായിട്ടാണറിയുന്നത്. ലീഗിന് 12 സീറ്റുകൾ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്: പതിനഞ്ചു സീറ്റുകളെങ്കിലും കിട്ടണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും...."

അങ്ങിനെ പറഞ്ഞുവാങ്ങലും വിട്ടുകൊടുക്കലുമുണ്ടായിട്ടും [illegible], ആറോ ഏഴോ സീറ്റുകളെച്ചൊല്ലി ഏതു പാർട്ടി മത്സരിക്കണമെന്നുള്ളതാണ് തർക്കവിഷയമെന്നുകൂടി 'മനോരമ' റിപ്പോർട്ടുചെയ്തു. (സപ്റ്റ: 11)

'മാതൃഭൂമി'യിൽ ഇടയ്ക്കിടെയായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുള്ള "ഒരു രാഷ്ട്രീയലേഖകൻ"പോലും സീറ്റുവിഭജനത്തെക്കുറിച്ച് എഴുതിയതു ഇങ്ങിനെയാണ്: (ആഗ്രഹത്തിനുള്ള ഏക സമാധാനം, കമ്യൂണിസ്റ്റുകാർക്ക് ആഹ്ലാദത്തിന് വകയില്ലെന്ന മാത്രമാണ്.) "കമ്യൂണിസ്റ്റുകൾ പിടിച്ചുതൂങ്ങി പ്രചാരണാർത്ഥം അവർക്ക് ഒച്ചപ്പാടുണ്ടാക്കാൻ ഉതകാവുന്ന ചില ജില്ലാതർക്കങ്ങൾ ഇവിടെ ഇല്ലെങ്കിലും അവർക്ക് ആശ്വാസം നൽകാവുന്ന യാതൊരു സംഭവമോ പ്രവണതയോ ഈ കൂടിയാലോചനകളിൽ ഒരിടത്തുമില്ല.

"കക്ഷികളുടെയും വ്യക്തികളുടെയും അടിസ്ഥാനത്തിൽ സ്വന്തം താല്പര്യങ്ങൾ സുരക്ഷിതമാക്കാൻ സ്വാഭാവികമായുള്ള ചില ശ്രമങ്ങളും വിലപേശലുകളും ചില സ്ഥലങ്ങളിലെങ്കിലും തീരെ അപ്രത്യക്ഷമായിട്ടില്ലെന്ന് തോന്നുന്നു." ("മാതൃഭൂമി", സപ്റ്റംബർ 9)

"ഇരട്ടള തിരുവോണപ്പൊന്നാട"യുടെ ഇഴകളിതാണ്. ആ പൊന്നാടയുടെക്ക

ിച്ചു" ഒരു നിർദ്ദേശം നൽകാൻ അഖിലേന്ത്യാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായ ശ്രീമതി ഇന്ദിരാഗാന്ധിക്ക് വിഷമമുണ്ടായി. "കോൺഗ്രസ്സും പി. എസ്സ്. പി.-മുസ്ലിംലീഗ് മുതലായ കമ്മ്യൂണിസ്റ്റിതരകക്ഷികളും തമ്മിലുള്ള ബന്ധം വിവരിക്കുവാൻ ശരിയായ ഒരു പദം തനിക്കു തോന്നുന്നില്ലെന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് അറിയിച്ചു. ആസന്നമായ തിരഞ്ഞെടുപ്പിനെ നേരിടുകയാണ് ഇതിന്റെ ഉദ്ദേശം. ഐക്യമെന്ന പദം ഇവിടെ യോജിക്കില്ല. കേരളത്തിലെ ഒരു രാഷ്ട്രീയകക്ഷിയുമായും നാം സഖ്യത്തിലേർപ്പെട്ടിട്ടില്ല. അങ്ങിനെ ഉടമ്പടിയും ഉണ്ടായിട്ടില്ല. ഉടമ്പടിയെന്നു പറഞ്ഞാൽ അതൊരു വലിയ വാക്കായിപ്പോകും. ചില സീറ്റുകൾ മറ്റു രാഷ്ട്രീയകക്ഷികൾക്കു മത്സരിക്കുവാൻ വിട്ടുകൊടുക്കുക മാത്രമാണ് ചെയ്യുന്നത്. ആ സീറ്റുകളിൽ ജയിക്കാൻ കഴിയുമെന്നു നമുക്കുറപ്പില്ല."

(മാതൃഭൂമി, സെപ്റ്റ: 27)

പ്രതിപക്ഷത്തിൽ, മന്ത്രിക്കസേരകൾ മറ്റു കക്ഷിയുടെ കുത്തകയാക്കുമോയെന്നു ഭയപ്പെടുന്നവർ, സ്വന്തം താല്പര്യങ്ങൾ സുരക്ഷിതമാക്കാൻ സ്വാഭാവികമായുള്ള ചില ശ്രമങ്ങൾ നടത്തുന്നവർ, ചോദ്യം പറയാൻപോലും അറക്കുന്ന ഒരേർപ്പാടാണ് "തിരുവോണപ്പൊന്നാട."

ഈ പൊന്നാടയുമടുത്തു "കേരളം തുള്ളിപ്പാടുന്ന" കാഴ്ച, പാരമാനന്ദം കൊള്ളും കണ്ടു. "ജനാധിപത്യ"സംരക്ഷണത്തിനും "സൽഭരണസ്ഥാപന"ത്തിനും എല്ലാം സഹായകരമായി "ശ്രീ. ലാൽ ബഹദൂർ ശാസ്ത്രിയുടെയും ശ്രീ അശോകമേത്തയുടെയും നേതൃത്വത്തിൽ ഇവിടെയുണ്ടായത് കേരളത്തിലെ ജനായത്തവാദികൾ ഏകയോഗമായി സ്വാഗതം ചെയ്യുമെന്നതിൽ പക്ഷാന്തരമില്ലെന്ന്" 'മനോരമ' പ്രവചിച്ചു. (സെപ്റ്റ: 12) എന്താ, 'ജനായത്തവിശ്വാസി'കളുടെ എണ്ണം ഈ നാട്ടിൽ കുറെ കുറവാണെന്നും വിമോചനപ്പടയിലെ അണിയിൽ തന്നെ "ജനായത്തവിശ്വാസ"മില്ലാത്തവരുടെ എണ്ണം കുറെ കൂടുതലാണെന്നും തോന്നുന്നു.

വിശ്വാസിയും വിമോചനസേനാനിയുമായ ശ്രീ. മത്തായി മാഞ്ഞൂരാന്റെ പാർട്ടിയായ കെ. എസ്. പി. യുടെ കേന്ദ്രക്കമ്മിറ്റിക്കു വ്യക്തമായ ചില അഭിപ്രായങ്ങളുണ്ട്: "ജനാധിപത്യ സോഷ്യലിസത്തിനുള്ള പ്രചരണങ്ങൾക്കായി ആരോടും കൂട്ടുചേരാതെ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുവാനാണ് കെ. എസ്. പി. തീരുമാനിച്ചിരിക്കുന്നതെന്നും ചുരുങ്ങിയത് 20 സീറ്റുകളിലെങ്കിലും പാർട്ടിസ്ഥാനാർത്ഥികൾ മത്സരിക്കുന്നതാണെന്നും കെ. എസ്. പി. കേന്ദ്രക്കമ്മിറ്റി ഇന്നിവിടെ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു....കഴിഞ്ഞ അവസരത്തെ എതിർത്തിരുന്ന പി. എസ്. പി. യും മുസ്ലിം ലീഗുമായും കോൺഗ്രസ്സ് ഇന്നു കൂട്ടുചേർന്നിരിക്കയാണെന്നും പരസ്പരം സഹകരിച്ചിരുന്നവരുമായി കൂടിയാലോചിക്കുകയെന്ന ജനാധിപത്യത്തിന്റെ പ്രാഥമികതത്ത്വത്തെ അവർ അവഗണിച്ചിരിക്കയാണെന്നും പ്രസ്താവനയിൽ പറയുന്നുണ്ട്."

(മാതൃഭൂമി, സെപ്റ്റ: 20)

മാർക്സിസം-ലെനിനിസത്തിൽ വിശ്വസിക്കുന്നവരെങ്കിലും തൽക്കാലം 'ജനാധിപത്യവാദി'കളായി അംഗീകരിക്കപ്പെടുന്ന ആർ. എസ്. പി. യും "ഏകയോഗമായ സ്വാഗത"മോതുന്നതിൽ വൈമുഖ്യം കാണിച്ചു. ശ്രീ: ശ്രീകണ്ഠൻ നായർ പ്രസ്താവിച്ചതിങ്ങനെയാണ്: "രാജ്യം മുഴുവനും കോൺഗ്രസ്സും പി. എസ്. പി. യും മുസ്ലിംലീഗും തമ്മിൽ പങ്കിട്ടെടുത്തുവെന്ന വാർത്തകൾ പത്രങ്ങളിൽ വായിക്കുകയുണ്ടായി.......ഈ മൂന്നു പാർട്ടികളും ചേർന്ന അവസരവാദപരമായ ഒരു നീക്കമാണ് ഏറ്റവും ദോഷകരമാണ് ആർ. എസ്. പി. യെ സമീപിക്കുന്നതെന്നുള്ളതും ശ്രദ്ധേയമാണ്. കോൺഗ്രസ്സുകാർ അവർക്ക് കിട്ടിയ നിയോജകമണ്ഡലങ്ങളിൽനിന്നും മനസ്സംതൃപ്തിയോടുകൂടി ചില സീറ്റുകൾ വിട്ടുതരാൻ തീരുമാനിച്ചതായി അറിയുന്നു. എന്നാൽ ഈ സീറ്റുകൾ ഏതെല്ലാമാണ്, അതു ഞങ്ങൾക്ക് ലഭ്യമാകുന്നത് എങ്ങിനെയെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ്, എന്നുമുള്ള കാര്യങ്ങൾ ഒരു നിഗൂഢരഹസ്യമായി വച്ചിരിക്കയാണ്. ഈ ഉപഹാരങ്ങൾക്ക് പിന്നിലുള്ള മനോഭാവം............സഹായകമല്ലെന്ന് ആർ. എസ്. പി. കരുതുന്നു." (മാതൃഭൂമി, സപ്തംബർ 23.)

കെ. എസ്. പി. ക്കാരിലും 'മാർക്സിസം-ലെനിനിസക്കാരിലും', 'ജനായത്തവിശ്വാസം' ശുദ്ധമല്ലെങ്കിൽ അതു സഹിക്കാം. പക്ഷേ, കോൺഗ്രസ്സുകാർക്ക് തന്നെ ആ ദൗർബല്യം ബാധിച്ചാലോ? അതും സംഭവിച്ചു. ഒത്തുതീർപ്പുണ്ടാക്കിയതിനുശേഷം ആദ്യമായി കൂടിയ കെ. പി. സി. സി. തിരഞ്ഞെടുപ്പുകമ്മിറ്റി യോഗത്തിൽ തന്നെ (സെപ്റ്റ: 18) കോൺഗ്രസ്സുകാർ അതു വ്യക്തമാക്കി: "കോൺഗ്രസ്സ്, പി. എസ്. പി., മുസ്ലിംലീഗ് കക്ഷികൾ തമ്മിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ പി. എസ്. പി. ക്കും മുസ്ലിംലീഗിനും വിട്ടുകൊടുത്ത നിയോജകമണ്ഡലങ്ങളെപ്പറ്റി ചിലർ കമ്മിറ്റി മുമ്പാകെ ആക്ഷേപം ബോധിപ്പിക്കുകയുണ്ടായെന്നറിയുന്നു.........പൊന്നാനി ജനറൽ, ചിറ്റൂർ, കണ്ണത്തോട്, നാദാപുരം, ദേവികുളം, പെരുമ്പ എന്നീ നിയോജകമണ്ഡലങ്ങൾ പി. എസ്. പി. ക്കും മുസ്ലിംലീഗിനും കൊടുത്തതിനെ സംബന്ധിച്ചാണ് അവിടങ്ങളിൽനിന്നും വന്നിരുന്ന നിവേദകസംഘങ്ങൾ ആക്ഷേപങ്ങൾ ബോധിപ്പിക്കുകയുണ്ടായെന്നറിയുന്നത്". (മാതൃഭൂമി, സപ്ത: 19.)

നിയോജകമണ്ഡലങ്ങളിൽനിന്നുള്ള നിവേദകസംഘങ്ങൾ മാത്രമല്ല, ചില കോൺഗ്രസ്സ് ഡി. സി. സി. കൾ പോലും പൊന്നാട ഉടുക്കാൻ തയ്യാറായില്ലത്രെ. പാലക്കാട്ട് ഡി. സി. സി. അസംതൃപ്തി രേഖപ്പെടുത്തി; തിരുവനന്തപുരം ഡി. സി. സി., "ജില്ലയിലെ സീറ്റുകൾ അധികവും പി. എസ്. പി. യുടെ മർക്കടമുഷ്ടിക്ക് വഴങ്ങി അവർക്ക് വിട്ടുകൊടുക്കാനുള്ള ദൗർബല്യമാണ്" കെ. പി. സി. സി. പ്രകടിപ്പിച്ചതെന്നും, ഇക്കാര്യത്തിൽ തിരുവനന്തപുരം ഡി. സി. സി. യുടെ അഭിപ്രായങ്ങൾ കെ. പി. സി. സി. മാനിച്ചില്ലെന്ന് പരാതി ഉന്നയിച്ചതായും 'കേരളകൗമുദി' (സപ്ത: 19) റിപ്പോർട്ടു ചെയ്തു. "ഇപ്രകാരമുള്ള സീറ്റുവിഭജനം സംബന്ധിച്ച നിർദ്ദേശങ്ങൾ അവസാനത്തേതല്ലെന്നും അവയിൽ വിട്ടുവീഴ്ചകൾ ഉണ്ടാകുമെന്നും" (കേരളകൗമുദി സപ്ത: 21) സപ്തംബർ 20-ാംനു കൂടിയ ഡി. സി. സി. യോഗത്തിൽ പ്രസ്താവിക്കാൻ ശ്രീ: കളത്തിൽ വേലായുധൻനായർ നിർബ്ബന്ധിതനായി.

പ്രമേയം പാസ്സാക്കുക മാത്രമല്ല, 'പി. എസ്. പി. യുടെ മർക്കടമുഷ്ടി'ക്കെതിരായി ജില്ലയിലെ കോൺഗ്രസ്സുകാർ പ്രസ്താവനകളും പ്രചാരണങ്ങളും ആരംഭിക്കയും ചെയ്തു. അവസാനം സാക്ഷാൽ പട്ടംതാണുപിള്ള തന്നെ, "ചില കാര്യങ്ങൾ തുറന്നു പറയാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു" എന്ന വിലപിച്ചുകൊണ്ട് പ്രസ്താവിച്ചു: "പി. എസ്. പി. ക്ക് കോൺഗ്രസ്സ് നിർദ്ദേശിച്ച സീറ്റുകൾ പലതും ഏറ്റവും വലിയ മത്സരത്തെ അഭിമുഖീകരിക്കേണ്ടിവരുന്നതും തിരഞ്ഞെടുപ്പിൽ വളരെ പ്രയാസമുള്ളതാണെന്നതും മറക്കാവുന്നതല്ല. എന്നാകിലും ജില്ലയിൽ പി. എസ്. പി. ക്ക് തികഞ്ഞ വിജയസാദ്ധ്യതകളുള്ള സീറ്റുകൾപോലും ഒത്തുതീർപ്പിനുവേണ്ടി പി.

എസ്. പി. ക്ക് ഉപേക്ഷിക്കേണ്ടിവന്നു. ആ ജില്ലയിൽ ഒരൊററ സീററുപോലും പി. എസ്. പി. ക്ക് അനുവദിക്കുവാൻ കോൺഗ്രസ്സുകാർ തയ്യാറായില്ല.

"....ജനാധിപത്യ താല്പര്യങ്ങൾ സംരക്ഷിക്കാനെന്ന ഭാവത്തിലും ഭരണത്തിൽ കമ്മ്യൂണിസ്റ്റുകൾ ഇനിയും അധികാരത്തിൽ വരണമെന്നുള്ള ദുർബ്ബുദ്ധിയോടും ദുരുദ്ദേശത്തോടും കൂടിയും ചിലർ ഇന്നത്തെ യോജിപ്പിന് ഹാനികരമായി പലതും പറയുകയും എഴുതുകയും ചെയ്യുന്നുണ്ട്. ഇവരിൽ അധികംപേരും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിന്നുകൂടാ എന്നു പറയുന്നവരാണ്. ചില കോൺഗ്രസ്സുകാരും, ഇത്തരം അഭിപ്രായഗതികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു".

(മാതൃഭൂമി സെപ്റ്റ: 21

വിമോചനസമരത്തിന്റെ ഫലമായി 'കമ്മ്യൂണിസ്റ്റിതര സമുദായങ്ങളും രാഷ്ട്രീയ പാർട്ടികളും' തമ്മിൽ ഉണ്ടായ 'സുദൃഢമായ ഐക്യത്തെ' നമുക്ക് കാത്തുരക്ഷിക്കുക!

സീററുവിഭജനത്തെ (അഥവാ നിക്ഷേപങ്ങളെ) കുറിച്ച് രാഷ്ട്രീയപാർട്ടികൾ തമ്മിൽ മാത്രമായിരുന്നില്ല, ഉന്തും തള്ളും. സമുദായങ്ങളും അവരവരുടെ 'ക്വോട്ട'ക്കുവേണ്ടി വാദിക്കാൻ തുടങ്ങി. കോൺഗ്രസ്സിനുമാത്രമേ വോട്ടു ചെയ്യൂ, പി. എസ്. പി. ക്കാരനായ നാടാർക്കു പോലും വോട്ടുചെയ്യുകയില്ലെന്ന് ശാഠ്യം പിടിക്കുന്ന തെക്കൻ തിരുവിതാംകൂറിലെ നാടാർ സമുദായത്തിന് സ്ഥാനാർത്ഥി വേണമെന്നും അതിനുവേണ്ടി പി. എസ്. പി. ക്ക് നീക്കിവെച്ചിരിക്കുന്ന സീററുകൾ തിരിച്ചുപിടിക്കണമെന്നും കോൺഗ്രസ്സുകാരനായ ശ്രീ. കുഞ്ഞുകൃഷ്ണൻനാടാർ പരസ്യപ്രസ്താവനയിറക്കി. അവിടെ ഒരു നാടാർ കൺവെൻഷൻതന്നെ നടത്തപ്പെട്ടു!

എറണാകുളത്തെ ലത്തീൻ ക്രിസ്ത്യാനികൾ, തങ്ങളുടെ അവകാശവാദങ്ങൾക്കു വേണ്ടി വാദിക്കാൻ അവരുടെ സംഘടനയെ പുനരുജ്ജീവിപ്പിച്ചു. ഓരോ നിയോജകമണ്ഡലത്തിലും മുൻതൂക്കമുള്ള സമുദായത്തിൽനിന്നു സ്ഥാനാർത്ഥികളെ നിർത്തണമെന്ന് എറണാകുളത്തെ പള്ളിപത്രമായ 'മലബാർ മെയിൽ' മുഖപ്രസംഗമെഴുതി. ഓരോ സമുദായവും ഗ്രൂപ്പും ക്ലിക്കും, സ്ഥാനാർത്ഥികളുടെ പേരുകൾ പ്രസിദ്ധീകരിച്ചുകൊണ്ട് അവരവരുടെ ആഗ്രഹം പ്രകടിപ്പിക്കാനാരംഭിച്ചു. അവസാനം 'മലയാള മനോരമ'ക്കു തന്നെയും സഹികെട്ടു. 'മനോരമ' മുഖപ്രസംഗം കുറിച്ചു: "കേരളത്തിലെ ജനാധിപത്യകക്ഷികളുടെ യോജിച്ചുള്ള പ്രവർത്തനത്തിന് അവസാനരൂപം നൽകുന്നതിന്നായി ഇവിടെ എത്തിയ ശ്രീ. ലാൽബഹദൂർശാസ്ത്രിയും ശ്രീ. അശോകമേത്തായും തിരികെ ഡൽഹിയിലെത്തുന്നതിനു മുമ്പുതന്നെ സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ചില റിപ്പോർട്ടുകളും ഊഹാപോഹങ്ങളും ചില പത്രങ്ങളിലും മററും പ്രചരിക്കുവാൻ ഇടയായി. സ്ത്രീകൾക്ക് ഇത്ര സീററ് എന്നും, കഴിഞ്ഞ നിയമസഭയിലെ അംഗങ്ങൾക്ക് ഇത്ര സീററ് എന്നും മററുമുള്ള കണക്കുകളും ചില പ്രത്യേകനിയോജകമണ്ഡലങ്ങളിൽ ചില പ്രത്യേകവ്യക്തികളെ നിശ്ചയിച്ചിരിക്കുന്നുവെന്നുള്ള റിപ്പോർട്ടുകളും പത്രപ്രതിനിധികരണങ്ങളും കാണുകയുണ്ടായി....... ഈ ഊഹാപോഹങ്ങളും റിപ്പോർട്ടുകളും പ്രചരിപ്പിക്കുന്നതിൽ ചില തല്പരകക്ഷികൾക്കു വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ടായിരിക്കാമെന്നു തോന്നുന്നു." (സെപ്റ്റ: 17)

"മനോരമ"യുടെ ദുസ്സൂചന കത്തോലിക്കാപള്ളിയുടെ നാവായ "ദീപിക"യെ ചൊടിപ്പിച്ചു. "ദീപിക" തിരിച്ചടിച്ചു: "...സർവ്വഅഭിപ്രായങ്ങളെയും അവഗണിച്ചുകൊണ്ടും നിരസിച്ചുകൊണ്ടും കുറെ സർവ്വാധികാരികൾ സ്ഥാനാർത്ഥികളെ നിശ്ചയിച്ചാൽ എല്ലാം നേരെയാകുകയില്ലെന്നതാണ് ഇൻജനായത്തം. തത്വന്യായങ്ങൾ വളരെ നന്നായിട്ടുള്ള കാര്യമാണിത്....സ്ഥാനാർത്ഥികൾ ആരെല്ലാമായിരിക്കണമെന്നതിനെ പററിയുള്ള അഭ്യൂഹങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഇന്ന് എവിടെയും ഉണ്ട്. അതൊക്കെ ഈ രാജ്യത്തെ വർത്തമാനങ്ങളാണ്. അവയിൽ കുറെയൊക്കെ വല്ല പത്രങ്ങളിലും സ്ഥലം പിടിച്ചെന്നു വരും. അതിന് പത്രാധിപന്മാരെയും റിപ്പോർട്ടർമാരെയും ഉത്തരത്തിലിട്ടു ചോദ്യം ചെയ്യുന്നതു ധിക്കാരമാണ്.... തിരഞ്ഞെടുപ്പ്, സ്ഥാനാർത്ഥികൾ, രാഷ്ട്രീയപാർട്ടികൾ, രാജ്യഭരണം ഇവയൊക്കെ ആരുടെയും തറവാട്ടുസ്വത്തല്ല ....റിപ്പോർട്ടർമാർ അവർക്കു കിട്ടുന്ന വാർത്ത പത്രത്തിലേക്ക് അയക്കും. അതു പ്രസിദ്ധപ്പെടുത്തിയെന്നും വരും. ഇതിലൊക്കെ എന്തോ പ്രത്യേകലാക്കുണ്ടെന്നും മററും വിചാരിക്കുന്നവർ സ്വന്തം സ്വഭാവം അന്യർക്കുമുണ്ടെന്ന് ഓർത്തുപോകുന്നവരാണ്". (മുഖപ്രസംഗം സെപ്റ്റ: 18).

സീററ് വിഭജനത്തെ ചൊല്ലിയുള്ള വഴക്ക്, സമുദായത്തെ ചൊല്ലിയുള്ള അവകാശവാദങ്ങൾ, റിപ്പോർട്ടുകളെ ചൊല്ലിയുള്ള മുഖപ്രസംഗങ്ങൾ, സ്ഥാനാർത്ഥി നിർണ്ണയത്തിനു ആധാരമാകേണ്ട തത്വങ്ങളെ കുറിച്ചുള്ള ഉപദേശപ്രത്യുപദേശങ്ങൾ— ഈ കോഴിപ്പോരിനാണത്രെ ഐക്യമെന്ന പേർ!

എന്തെല്ലാം പറഞ്ഞാലും ഇക്കാലമത്രയും ഒരു സമാധാനമുണ്ടായിരുന്നു. ലോകനേതാവായി അഭിഷിക്തനാകാൻവേണ്ടി ശ്രീ. മന്നത്തു പത്മനാഭൻ വിമാനം കേറിക്കഴിഞ്ഞിരുന്നതിനാൽ അദ്ദേഹത്തെക്കൊണ്ടുള്ള ശല്യം അനുഭവപ്പെട്ടിരുന്നില്ല. പക്ഷെ, മന്നം തിരിച്ചെത്തിയതോടെ സ്ഥിതിമാറി. തിരിച്ചെത്തിയതിനു ശേഷം കമ്മ്യൂണിസ്റ്റിതര 'ജനാധിപത്യ പാർട്ടി'കളുടെ 'സീററ്‌വിഭജനത്തിൽ നിന്നും സീററ് വിജയത്തിലേക്കുള്ള പ്രയാണത്തിന്റെ കഥ പ്രത്യേകം പഠനമർഹിക്കുന്ന ഒന്നാണ്.

—

## കോടതിപരസ്യം

കൊയിലാണ്ടി മുൻസിഫ്‌കോർട്ട്

O. P. 138/'59

പുളിയാങ്കണ്ടി മമ്മദ് മുതൽ 4—ആൾ } ഹരജിക്കാർ

പുളിയാങ്കണ്ടി മറിയ കുട്ട്യാലിയുടെ പിൻതുടർച്ചാ സർട്ടിഫിക്കററ് കിട്ടാനപേക്ഷിച്ചു 21—11—59 നാണെന്നറിയിക്കുന്നു.

വക്കീൽ സി. ആർ. ഉണ്ണ്യർ,
(ഒപ്പ്)

കൊയിലാണ്ടി
6—11—59